## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 67 28-11-2018 -ൽ മറുപടിക്ക്

# പ്രളയത്തിൽ തകർന്ന വീടുകളുടെ പുനർനിർമ്മാണം

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.വി.കെ.സി. മമ്മത് കോയ** | | **പിണറായി വിജയൻ (മുഖ്യമന്ത്രി)** |
| എ) | മഹാപ്രളയത്തിൽ തകർന്നുപോയ വീടുകൾ പുനർ നിർമ്മിക്കുന്നതിനും വീട് നഷ്ടപ്പെട്ടവരെ പുനരധിവസിപ്പിക്കുന്നതിനും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; | എ) & ബി) | സംസ്ഥാനം കണ്ട ഏറ്റവും വലിയ പ്രളയത്തിൽ നിരവധിയാളുകളുടെ വീടുകൾ പൂർണ്ണമായും തകർന്നുപോയിട്ടുണ്ട്. ചില കുടുംബങ്ങൾക്ക് വീടും ഭൂമിയും നഷ്ടപ്പെട്ടിട്ടുണ്ട്. പുഴ പുറമ്പോക്കിലും മറ്റും താമസിച്ചിരുന്ന ചിലർക്ക് അവിടെ വീട് പുനർനിർമ്മിക്കാൻ കഴിയാത്ത അവസ്ഥയുമുണ്ട്. ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവ ബാധിക്കുമെന്ന് വ്യക്തമായ സ്ഥലങ്ങളിൽ വീടുകൾ പുനർ നിർമ്മിക്കാൻ കഴിയില്ല.<br>പുനരധിവാസ പ്രവർത്തനങ്ങളുടെ ആദ്യഘട്ടമായി ഇത്തരം ആൾക്കാരെ കണ്ടെത്തുന്നതിനുള്ള വിശദമായ സർവ്വേ വാളണ്ടിയർമാരുടെ സഹായത്തോടെ പൂർത്തിയാക്കിയിരുന്നു. ഇത് തദ്ദേശ ഭരണസ്ഥാപനങ്ങളിലെ എഞ്ചിനീയറിംഗ് വിഭാഗത്തിലെ ഉദ്യോഗസ്ഥർ പരിശോധിച്ച് തദ്ദേശഭരണ സെക്രട്ടറിയുടെ അംഗീകാരത്തോടെ നാശനഷ്ടം തിട്ടപ്പെടുത്തി. കുറഞ്ഞത് 15%, 16-29%, 30-59%, 60-74%, 75%ത്തിനുമധികം ഇങ്ങനെ അഞ്ച് വിഭാഗങ്ങളായി തിരിച്ചാണ് നാശനഷ്ടം കണക്കാക്കിയത്. ഇതിൽ 75%ത്തിലുമധികം നാശനഷ്ടം സംഭവിച്ച വീടുകളെ പൂർണ്ണമായും വീട് നഷ്ടപ്പെട്ട വിഭാഗമായാണ് പരിഗണിച്ചത്.<br>ഇപ്പോൾ ലഭ്യമായ കണക്കുകൾ പ്രകാരം തകർന്ന വീടുകൾ പുതുക്കിപ്പണിയാനും പുതിയവ പണിയാനുമായി 1611.85 കോടി രൂപ ആവശ്യമാണ്. ഇതിൽ 1357.78 കോടി രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിൽ നിന്നും 254.08 കോടി രൂപ സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നുമാണ് ചെലവഴിക്കാൻ ഉദ്ദേശിക്കുന്നത്. 75%മോ അതിലധികമോ നാശനഷ്ടം സംഭവിച്ച വീടുകൾക്ക് കേന്ദ്രസർക്കാർ സമതലങ്ങളിൽ 95,000 രൂപയും മലമ്പ്രദേശങ്ങളിൽ 1,05000 രൂപയുമാണ് ലഭ്യമാക്കുക. ബാക്കി ശരാശരി മൂന്ന ലക്ഷം രൂപ സംസ്ഥാന സർക്കാർ കൂടി ലഭ്യമാക്കി സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കുന്ന കുടുംബങ്ങൾക്ക് നാല്പ ലക്ഷം രൂപയാണ് അനുവദിച്ചിട്ടുള്ളത്. സഹകരണ |
| ബി) | പ്രളയത്തിൽ വീട് നഷ്ടപ്പെട്ടവർക്ക് നൽകുവാനുള്ള വീടുകളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ? | | |

പ്രസ്ഥാനങ്ങളുടെ മുൻകൈയിൽ സഹകരണ മേഖലയിൽ നിന്ന് സമാഹരിച്ച പണവും സംസ്ഥാന ദുരന്ത പ്രതികരണ നിധിയിൽ നിന്നും അനുവദനീയമായ തുകയും ഉപയോഗിച്ച് നാല് ലക്ഷം രൂപ മുതൽ മുടക്കുള്ള രണ്ടായിരം വീടുകൾ കെയർ ഹോം എന്ന പദ്ധതി പ്രകാരം നിർമ്മിച്ചുനൽകാനുള്ള നടപടി അന്തിമഘട്ടത്തിലാണ്. സ്വന്തമായി പുനർനിർമ്മാണം ഏറ്റെടുക്കാൻ കഴിവില്ലാത്ത കുടുംബങ്ങളെ ഈ പദ്ധതിപ്രകാരം സഹായിക്കാനാവും. കൂടാതെ വീടുകളുടെ പുനർനിർമ്മാണം സ്പോൺസർ ചെയ്യാൻ തയ്യാറായിട്ടുള്ളവരുടെ സഹായവും ദുരന്തപ്രതികരണ നിധി ഉപയോഗിച്ചും ഇത്തരം വിഭാഗങ്ങളുടെ വീടിന്റെ പുനർനിർമ്മാണം ഉറപ്പാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. 400 സ്ക്വയർ ഫീറ്റ് വിസ്തീർണ്ണമുള്ള ഭവനങ്ങൾ നിർമ്മിക്കുന്നതിന് സ്പോൺസർ - ഗുണഭോക്താവ് - ജില്ലാ കളക്ടർ എന്നിവർ ഏർപ്പെടുന്ന ഒരു ത്രികക്ഷി കരാർ ഉണ്ടാകണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഏകദേശം 70% പേരും സ്വന്തം ഉത്തരവാദിത്വത്തിൽ നിർമ്മാണം ഏറ്റെടുക്കാനാണ് താൽപ്പര്യപ്പെട്ടുവന്നിരിക്കുന്നത്. ഇവർക്കും നിരന്തര മാർഗ്ഗനിർദ്ദേശം നൽകുന്ന രീതിയിൽ 'സുരക്ഷിതകൂടൊരുക്കും കേരളം' എന്ന പേരിൽ ബ്ലോക്ക് തലത്തിലും നഗരസഭാ തലത്തിലും ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ഒരു സാങ്കേതികസ്ഥാപനം (എഞ്ചിനീയറിംഗ് കോളെജ് / പോളിടെക്നിക്) ഈ ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾക്ക് പിന്തുണാ സംവിധാനമൊരുക്കുന്നതിനായി കണ്ടെത്തണമെന്നും നിർദ്ദേശിച്ചിട്ടുണ്ട്. ഭാവിയിൽ ദുരന്തങ്ങളുണ്ടായേക്കാൻ സാധ്യതയുള്ളത് എന്ന് ശാസ്ത്രീയമായി കണ്ടെത്തപ്പെടുന്ന ഭൂമിയിൽ താമസിക്കുന്നവർക്ക് വാസയോഗ്യമായ ഭൂമി കണ്ടെത്തി അതിൽ വീടോ ഫ്ളാറ്റോ നിർമ്മിച്ച് പുനരധിവസിപ്പിക്കുന്ന പ്രവർത്തനത്തിന്റെ മേൽനോട്ടത്തിന് ജില്ലാകളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

നേരത്തേയുണ്ടായിരുന്ന താമസ സ്ഥലത്തിന്റെ അടുത്തുതന്നെ സർക്കാർ ഉടമസ്ഥതയിലുള്ള ഭൂമി ലഭ്യമാണെങ്കിൽ അവിടെയാണ് പുനരധിവാസം നടത്തേണ്ടത്. ഇത്തരത്തിൽ ഭൂമി ലഭ്യമല്ലെങ്കിൽ പ്രാദേശികമായി ഭൂമി ലഭിക്കാൻ തയ്യാറുള്ളവരുമായി ബന്ധപ്പെട്ട് അതിനുള്ള നടപടിക്രമങ്ങൾ ഏകോപിപ്പിക്കാനും കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇങ്ങനെ ഭൂമി ദാനം ചെയ്യുമ്പോൾ സർക്കാരിലേയ്ക്ക് വിട്ടുകൊടുക്കുന്നതോടൊപ്പം ദുരന്ത ബാധിതർക്ക് ഭൂമി ദാനം ചെയ്യാനും കഴിയുന്നതാണ്.

| | | | |
|---|---|---|---|
| | | | ഇത്തരം കേസുകളിൽ ജില്ലാ കളക്ടറുടെ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ സ്റ്റാമ്പ് ഡ്യൂട്ടി, രജിസ്ട്രേഷൻ ഡ്യൂട്ടി ഒഴിവാക്കിക്കൊണ്ട് മന്ത്രിസഭ തീരുമാനമെടുക്കുകയും സർക്കാർ വിജ്ഞാപനം പുറപ്പെടുവിക്കുകയും ചെയ്തിട്ടുണ്ട്. സ്വന്തമായി ഭൂമി ഉണ്ടായിരുന്നവർക്ക് അവിടെത്തന്നെ പുനർനിർമ്മാണം നടത്താനാവാത്ത സാഹചര്യമുണ്ടെങ്കിൽ ആധാരത്തിലുള്ള വിലയ്ക്ക് 3 സെൻറ് മുതൽ 5 സെൻറ് വരെ ഭൂമി പരമാവധി ആറ് ലക്ഷം രൂപ വരെ വാങ്ങാനും അനുമതി നൽകിക്കൊണ്ട് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഇവർക്ക് വീട് നിർമ്മാണത്തിന് നാല് ലക്ഷം രൂപ അധികമായി നൽകുന്നതാണ്.<br>സർക്കാർ മേൽനോട്ടത്തിൽ നിർമ്മിക്കുന്ന വീടുകളെല്ലാം ദുരന്ത പ്രതിരോധ ശേഷിയുള്ളവയാണെന്ന് ഉറപ്പാക്കുന്നതാണ്. ഇതിനായുള്ള രൂപകൽപ്പന തിരുവനന്തപുരം എഞ്ചിനീയറിംഗ് കോളെജിലെ സ്ട്രക്ചറൽ എഞ്ചിനീയർമാർ ഉൾപ്പെടുന്ന സാങ്കേതികസമിതി അംഗീകരിച്ച് ലഭ്യമാക്കിയിട്ടുണ്ട്. ലൈഫ് മിഷൻ തയ്യാറാക്കിയ 13 മാതൃകാ പ്ലാനുകളിൽ ഏതെങ്കിലുമൊന്ന് ഗുണഭോക്താവിന് തെരഞ്ഞെടുക്കാവുന്നതാണ്. സർക്കാർ അംഗീകാരം നേടിയ എംപാനൽ ഏജൻസികൾ വഴിയാവും സർക്കാർ വഴിയുള്ള നിർമ്മാണങ്ങൾ ഏറ്റെടുക്കുക. ഇതോടൊപ്പം കേന്ദ്രസർക്കാരിന്റെ നഗരാകാര്യമന്ത്രാലയത്തിന്റെ കീഴിലുള്ള ബിൽഡിംഗ് മെറ്റീരിയൽസ് ടെക്നോളജി പ്രൊമോഷൻ സെൻറർ പ്രീ-ഫാബ്രിക്കേറ്റഡ് വീടുകളും അംഗീകൃത സ്ഥാപനങ്ങൾ വഴി ഏറ്റെടുക്കാനാണുദ്ദേശിക്കുന്നത് നിർമ്മാണ സാമഗ്രികളുടെ ലഭ്യതക്കുറവും പ്രീ-ഫാബ്രിക്കേറ്റഡ് സാമഗ്രികൾ നിർമ്മാണ സ്ഥലത്തേയ്ക്ക് എത്തിക്കേണ്ട സാഹചര്യവും വിലയിരുത്തി ഗുണഭോക്താവിന്റെ താൽപ്പര്യപ്രകാരം യുക്തമായ സാങ്കേ തികവിദ്യ തെരഞ്ഞെടുക്കാനുള്ള മാർഗ്ഗനിർദ്ദേശം ഭവനനിർമ്മാണ സഹായകേന്ദ്രങ്ങൾ നൽകുന്നതാണ്. സ്വന്തമായി ഭൂമിയില്ലാതെ പുറമ്പോക്കിൽ താമസിച്ചിരുന്ന, വീട് നഷ്ടപ്പെട്ടവർക്കും സർക്കാർ കണ്ടെത്തുന്ന ഭൂമിയിൽ വീടോ, ഫ്ളാറ്റോ വെച്ച് നൽകാനാണ് ഉദ്ദേശിക്കുന്നത്. |

സെക്ഷൻ ഓഫീസർ